കേരളകൗമുദി

# ഊർജ്ജസംരക്ഷണം: ഉണർവ് രണ്ടാം പതിപ്പ് തുടങ്ങി

തിരുവനന്തപുരം: അദ്ധ്യാപകർക്കും കുട്ടികൾക്കും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിനുള്ള ഉണർവ് പദ്ധതിയുടെ രണ്ടാംഘട്ടത്തിന് തുടക്കമായി. ശ്രീകാര്യം എനർജി മാനേജ്മെന്റ് സെന്ററിൽ നടന്ന ചടങ്ങിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി മീഡിയ അഡ്വൈസർ ചന്ദ്രശേഖരറെഡ്ഡി, ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു, ലൈബ്രറി ആന്റ് ഇൻഫർമേഷൻ ഓഫീസർ സിന്ധു എസ്.കുമാർ എന്നിവർ പങ്കെടുത്തു.